പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6182 20.11.2019-ലെ മറുപടിയ്ക്ക്

## വനവിസ്തൃതി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.ഐ.ബി. സതീഷ്
ശ്രീ. ആന്റണി ജോൺ
ശ്രീ. ജോർജ് എം. തോമസ്
ശ്രീ. കെ. ബാബു

**മറുപടി**

അഡ്വ. കെ.രാജു
(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേശീയ ശരാശരിയേക്കാളും ഗണ്യമായ തോതിൽ ഉയർച്ചയുള്ള സംസ്ഥാനത്തിന്റെ വനവിസ്തൃതി സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. ദേശീയ വന വിസ്തൃതി ശരാശരി 23.24% വരുന്നിടത്ത് സംസ്ഥാന വനവിസ്തൃതി 29.65% വരുന്നുണ്ട്. |
| (ബി) | വനാവകാശ നിയമം കർശനമായി നടപ്പാക്കുകയും തടിയേതര വനവിഭവങ്ങൾ ശേഖരിക്കാനും വിൽക്കാനുമുള്ള അവകാശം ആദിവാസികൾക്ക് ഉറപ്പാക്കുന്നതിനും ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ; | (ബി) | വനാവകാശ നിയമം നടപ്പാക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ സ്വീകരിച്ചിട്ടുണ്ട്.<br>2006 ലെ വനാവകാശ നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി പട്ടിക വർഗ്ഗ വികസന വകുപ്പാണ്. റവന്യൂവകുപ്പും വനംവകുപ്പും ഈ നിയമം നടപ്പിലാക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നു. വനാവകാശ നിയമ പ്രകാരം ഗ്രാമസഭകളിൽ വ്യക്തിഗത വനാവകാശ രേഖകൾക്കായി ലഭിച്ച 43,239 അപേക്ഷകളിൽ 39,069 അപേക്ഷകൾ ഗ്രാമസഭ പാസ്സാക്കി സബ് ഡിവിഷണൽ ലെവൽ കമ്മിറ്റിക്ക് നൽകുകയും കമ്മിറ്റി പാസ്സാക്കിയ 27,644 അപേക്ഷ ജില്ലാതല കമ്മിറ്റിക്ക് നൽകുകയുമുണ്ടായി. ഇതിൽ 26,580 അപേക്ഷകൾ ജില്ലാ കമ്മിറ്റി പാസാക്കി 25,848 അപേക്ഷകൾക്ക് ടൈറ്റിൽ നൽകിയിട്ടുള്ളതാണ്.<br>സാമൂഹിക വനാവകാശ രേഖകൾക്കുള്ള 1012 അപേക്ഷകളിൽ 475 എണ്ണം സബ് ഡിവിഷണൽ ലെവൽ കമ്മിറ്റി പാസ്സാക്കി ജില്ലാ കമ്മിറ്റിക്ക് നൽകുകയും അതിൽ 358 അപേക്ഷ ജില്ലാ കമ്മിറ്റി പാസ്സാക്കി 174 അപേക്ഷകൾക്ക് ടൈറ്റിൽ നൽകിയിട്ടുമുണ്ട്. കമ്മ്യൂണിറ്റി റിസോഴ്സ് മാപ്പ് തയ്യാറാക്കുന്നതിനുള്ള കാലതാമസമാണ് ടൈറ്റിലുകൾ നൽകുന്നതിലുള്ള കാലതാമസം. വനാവകാശ രേഖകൾക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട സബ് ഡിവിഷണൽ ലെവൽ കമ്മിറ്റികളിലും ജില്ലാതല കമ്മിറ്റി |

| | | | |
|---|---|---|---|
| | | | കളിലുമാണ് പെൻഡിംഗ് ആയിട്ടുള്ളത്. ഇത് പാസ്സാക്കി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് യഥാക്രമം റവന്യൂ ഡിവിഷണൽ ഓഫീസർമാരും, ജില്ലാ കളക്ടർമാരുമാണ്. വനാവകാശ നിയമ പ്രകാരം ആദിവാസി വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി വനഭൂമി നൽകുന്ന തിനുള്ള ചുമതല വനം വകുപ്പിനാണ്. ആയത് പ്രകാരം 763 അപേക്ഷകൾ ലഭിച്ചതിൽ 763 അപേക്ഷകൾ ഗ്രാമസഭ ശുപാർശ ചെയ്തിട്ടുള്ളതും അതിൽ 620 അപേക്ഷകൾ വനം വകുപ്പ് പാസ്സാക്കിയിട്ടുള്ളതും ആയതിൽ 466 എണ്ണം നൽകിയിട്ടുള്ളതുമാണ്.<br>വനാവകാശ നിയമ പ്രകാരം ആദിവാസികൾ അവരുടെ കൈവശ ഭൂമികളിൽ നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾ ഉപജീവനമാർഗ്ഗത്തിനായി വെട്ടി ഉപയോഗിക്കുന്നതിനും, വിൽക്കുന്നതിനുമുള്ള അവകാശം ആദിവാസികൾക്ക് ഉള്ളതാണ്. ടി അവകാശം വനം വകുപ്പ് ആദിവാസികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br>സാമൂഹിക വനാവകാശം അനുവദിക്കപ്പെട്ടിട്ടുള്ള വനത്തിലെ തടിയേതര വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ആദിവാസികളിൽ പൂർണ്ണമായി നിക്ഷിപ്തമാണ്. ഇപ്രകാരം ആദിവാസികൾ ശേഖരിക്കുന്ന കാട്ടുതേൻ അടക്കമുള്ള തടിയേതര വിഭവങ്ങൾ വനവികാസ ഏജൻസികളുടെ കീഴിലുള്ള വനശ്രീ ഇക്കോഷോപ്പുകളിൽ സംഭരിച്ച് വിൽപ്പന നടത്തി ആദിവാസികൾക്ക് മെച്ചപ്പെട്ട വില നൽകുന്നുണ്ട്. ഇപ്രകാരമുള്ള 35 ഇക്കോ ഷോപ്പുകളും രണ്ട് മൊബൈൽ യൂണിറ്റുകളും നിലവിലുണ്ട്. ഇത്തരത്തിൽ വനവിഭവ വിപണനം വഴി 6.5 കോടിയുടെ വിറ്റുവരവ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വനശ്രീ ഇക്കോഷോപ്പുകൾക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ വനങ്ങളിൽ നിന്നും 145 ഇനം വനവിഭവങ്ങൾ ശേഖരിക്കുന്നതിന് പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വർഷം തോറും അനുമതി നൽകിവരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തിന് ആവശ്യമായ തടിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് ആഭ്യന്തര തടി ഉൽപാദനം വർദ്ധിപ്പിക്കുവാൻ കാടിന് പുറത്ത് കാർഷിക വനവൽക്കരണം നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ആഭ്യന്തര തടി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കീഴിൽ കാടിന് പുറത്ത് കൃഷിഭൂമിയിൽ വൃക്ഷത്തൈകൾ നടുന്ന തിനുള്ള നടപടികൾ തുടർന്ന് വരുന്നുണ്ട്. സാമൂഹ്യ വനവൽക്കരണ വിഭാഗം ഹരിത കേരളം പദ്ധതി മുഖേന 2018-19 വരെ 712.04 ലക്ഷം |

| | | | |
|---|---|---|---|
| | | | വൃക്ഷതൈകൾ നട്ടു പിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ ഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടു പരിപാലിക്കുന്നവർക്കാണ് തൈകളുടെ എണ്ണം അനുസരിച്ച് ധനസഹായം നൽകുന്നത്. ഈ പദ്ധതികൾ എല്ലാം തന്നെ വനേതര പ്രദേശങ്ങളിലും സ്വകാര്യ ഭൂമികളിലും തടി ലഭ്യത വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം 63 ലക്ഷം വൃക്ഷതൈകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ 3.28 ലക്ഷം വലിയ കൂട തൈകൾ വനത്തിനു പുറത്തുള്ള പൊതുസ്ഥലങ്ങളിലും, വിവിധ സർക്കാർ വകുപ്പുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള സ്ഥലങ്ങളിലും, വനം വകുപ്പ് നേരിട്ടും ഇതര വകുപ്പുകൾ/സ്ഥാപനങ്ങളുമായും, ഹരിത കേരള മിഷന്റെ പച്ചത്തുരുത്ത് പദ്ധതി മുഖേനയും ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ സംയുക്തമായി നട്ടു പിടിപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രദേശങ്ങളിൽ ഭൂമിയേറ്റെടുക്കുക വഴി വേർപെട്ടുപോയ നൈസർഗിക വനപ്രദേശങ്ങളെ കൂട്ടി യോജിപ്പിക്കുവാൻ കഴിയുമെന്ന അഭിപ്രായം പരിഗണിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | വേർപെട്ടു പോയ വനപ്രദേശങ്ങളെ കൂട്ടി യോജിപ്പിക്കുന്നതിന് വനമേഖലയോട് ചേർന്ന് കിടക്കുന്നതും, വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്നതുമായ സ്വകാര്യ വനേതര ഭൂമി ഏറ്റെടുക്കുന്നതിന് CAMPA CAF Act 2016, CAF Rules 2018 എന്നീ നിയമങ്ങളിലെ നിബന്ധനകൾക്ക് വിധേയമായി ലാന്റ് ബാങ്ക് രൂപീകരിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ റീബിൽഡ് കേരളയുടെ കീഴിലും വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശങ്ങൾ ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**